"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുന:രുദ്ധാരണ പദ്ധതി (CMLRRP) - തൃശ്ശൂർ ജില്ലയിലെ കുന്നംകുളം നിയോജക മണ്ഡലത്തിൽ കടങ്ങോട് ഗ്രാമപഞ്ചായത്തിലെ പരീത് ഹാജി റോഡ് പുന:രുദ്ധാരണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂബി) വകുപ്പ്

G.O.(Ms) No.47/2021/LSGD തീയതി,തിരുവനന്തപുരം, 17/02/2021

പരാമർശം:- 1 09/01/2020 ലെ സഉ(കൈ) നമ്പർ: 13/2020/തസ്വഭവ

2 24/12/2020 ലെ സഉ(കൈ) നമ്പർ: 200/2020/തസ്വഭവ

**ഉത്തരവ്**

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുന:രുദ്ധാരണ പദ്ധതിക്കായി(CMLRRP) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പരാമർശം (1), (2) എന്നിവയിലെ സർക്കാരുത്തരവുകൾ പ്രകാരം 1000 കോടി രൂപാ ലഭ്യമാക്കിയിരുന്നു. ഈ തുക വിനിയോഗിച്ച് സംസ്ഥാനത്തെ വിവിധ തദ്ദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി നാളിതുവരെ 987.3171 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ കുന്നംകുളം നിയോജക മണ്ഡലത്തിൽ കടങ്ങോട് ഗ്രാമപഞ്ചായത്തിലെ പരീത് ഹാജി റോഡ് പുന:രുദ്ധാരണം എന്ന പ്രവൃത്തി കൂടി മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുന:രുദ്ധാരണ പദ്ധതിയിൽ (CMLRRP) ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് 75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുന:രുദ്ധാരണ പദ്ധതിയ്ക്കു(CMLRRP) കീഴിലെ പ്രവൃത്തികൾക്കായി നാളിതുവരെ നൽകിയ ഭരണാനമതി തുക ഇതോടെ 988.0671 കോടി രൂപയായി പുന: ക്രമീകരിക്കപ്പെടുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
ADDITIONAL CHIEF SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ

ധനകാര്യ വകുപ്പ്

റവന്യൂ വകുപ്പ് (ഡിആർഎഫ്) വകുപ്പ്

പൊതുഭരണ (എസ്സി) വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ), ആഡിറ്റ്, എൽബിഎ &എ) തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ